## പതിമൂന്നാം കേരള നിയമസഭ

### പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 2716

10.07.2015-ൽ മറുപടിക്ക്

### പരസ്യബോർഡുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. ശിവദാസൻ നായർ<br>,, പി.സി. വിഷ്ണുനാഥ്<br>,, സണ്ണി ജോസഫ്<br>,, ലൂഡി ലൂയിസ് | ശ്രീ. മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷ ക്ഷേമവും വകുപ്പ് മന്ത്രി) |
| (എ) പാതയോരങ്ങളിൽ പരസ്യ ബോർഡുകൾ സ്ഥാപിക്കുന്നതിന് നഗരകാര്യ വകുപ്പ് എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ; | (എ) ഉണ്ട്; അനധികൃതമായി പൊതു നിരത്തുകളിലെ വൈദ്യുതി കാലുകളിലും പൊതു സ്ഥലങ്ങൾ കൈയ്യേറിയും ചെറുതും വലുതുമായ പരസ്യബോർഡുകൾ സ്ഥാപിച്ചും വൈദ്യുതി കാലുകളിൽ അപകടകരമായ രീതിയിൽ കേബിൾ വയറുകളും പരസ്യബോർഡുകളും മറ്റും തൂക്കിയിട്ടും പൊതുമരാമത്ത് വകുപ്പിന്റെ സ്ഥലത്ത് അനധികൃതമായി പരസ്യ ബോർഡുകൾ സ്ഥാപിച്ചും ഗ്രാമങ്ങളും പട്ടണങ്ങളും നഗരങ്ങളും വിരൂപമാക്കുന്നത് തടയുന്നതിനും, ഈയിനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിയമാനുസൃതമായി ലഭിക്കേണ്ട ഫീസ് ലഭിക്കാതെ പോകുന്നത് തടയുകയും, ഫ്ളക്സ് ബോർഡുകളുടെ അനിയന്ത്രിത വർദ്ധനവ് മൂലമുണ്ടാകുന്ന പാരിസ്ഥിതികവും ആരോഗ്യപരവുമായ പ്രശ്നങ്ങൾ രൂക്ഷമാക്കുന്നത് തടയുകയുമാണ് ഇതിന്റെ പ്രധാന ലക്ഷ്യങ്ങൾ. |

| | |
|---|---|
| (ബി) പദ്ധതി വഴി സമാഹരിക്കുവാൻ ഉദ്ദേശിക്കുന്ന തുകയെത്രയാണെന്നും അതിന്റെ ചുമതല ആരെയാണ് എൽപ്പിക്കാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ? | (ബി) ടി പദ്ധതി മുഖേന സമാഹരിക്കുവാൻ ഉദ്ദേശിക്കുന്ന തുക കണക്കാക്കിയിട്ടില്ല.<br><br>പൊതു നിരത്തിലെ വൈദ്യുത കാലുകളിൽ അനധികൃതമായി സ്ഥാപിച്ചിരിക്കുന്ന പരസ്യ ബോർഡുകൾ, നോട്ടീസുകൾ, ഫ്ളക്സ് ബോർഡുകൾ എന്നിവ നീക്കം ചെയ്തുകൊണ്ട് അവയ്ക്ക് ചുറ്റിലും നിശ്ചിത വലിപ്പത്തിൽ അലുമിനീയം ക്ലാഡിംഗ് സ്ഥാപിച്ച്/പെയിന്റ് ചെയ്ത് വൃത്തിയാക്കി നിശ്ചിത ഫീസ് ഈടാക്കിക്കൊണ്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ/റോഡുകളുടെ പരിപാലന ചുമതലയുള്ളവർ എന്നിവരുടെ അനുമതിയോടെ പരസ്യങ്ങൾ പ്രദർശിപ്പിക്കുന്നതിനും അവയുടെ പരിപാലനത്തിനും അഞ്ചു വർഷത്തെ പ്രാഥമിക കാലയളവിലേയ്ക്ക് കെ.എസ്.ഇ.ബി. യുമായി കരാറിലേർപ്പെട്ടു കൊണ്ട് തുടർ നടപടികളെടുക്കുവാൻ സ.ഉ.(കൈ) നം. 194/2014/തസ്വഭവ തീയതി 6.11.2014 പ്രകാരം ക്ലീൻ കേരള കമ്പനിയെ അധികാരപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ